# കേരള സർവകലാശാല

നം.പി.ആർ.142/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ്, ബി.എം.എസ് ഹോട്ടൽ മാനേജ്മെന്റ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ ജൂലൈ 10 മുതൽ 15 വരെ അതാത് കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2019 ഏപ്രിലിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ഡെസ്സ് പരീക്ഷാഫലം വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി & ബയോടെക്നോളജി (2013 അഡ്മിഷന് മുൻപ് – 2010, 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ.

2019 മാർച്ചിൽ നടത്തിയ നാലാം വർഷ ബി.എഫ്.എ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

2019 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് പരീക്ഷാഫലം വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

രണ്ടാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം ജൂലൈ 2019 മേഴ്സിചാൻസ് പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ജൂലൈ 10 വരെ ഫീസടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

ഫിലോസഫി പഠനഗവേഷണ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച് നടത്തുന്ന ഫിലോസഫിക്കൽ കൗൺസിലിംഗ് പി.ജി ഡിപ്ലോമ കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: ഒരു വർഷം, കോഴ്സ് ഫീസ്: 20,000/–, യോഗ്യത: 50% മാർക്കോടെയുള്ള അംഗീകൃതസർവകലാശാല ബിരുദം (ഫിലോസഫി, സൈക്കോളജി, സോഷ്യോളജി, സയൻസ് വിഷയങ്ങളിൽ ബിരുദമുള്ളവർക്ക് മുൻഗണന), സീറ്റുകളുടെ എണ്ണം: 30 (ജനറൽ – 24, പട്ടികജാതി – 5, പട്ടികവർഗ്ഗം - 1) അപേക്ഷാഫോറത്തിന്റെ വില: 100 രൂപ. അവസാന തീയതി: ജൂലൈ 31. തപാലിൽ അപേക്ഷാഫോറം ലഭിക്കാൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സ്വന്തം മേൽവിലാസം എഴുതി സ്റ്റാമ്പ് പതിച്ച കവർ സഹിതം അപേക്ഷിക്കുക. അപേക്ഷാഫോം www.cpcruok.com എന്ന സെന്ററിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471 – 2308746

## സീറ്റ് ഒഴിവ്

കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) 2019–20 പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി 2019 ജൂലൈ 4–ാം തീയതി രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471–2308839, 9446533386

തിരുവനന്തപുരം,
02–07–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)